# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:3358** 22/08/2017 **ൽ മറുപടിയ്ക്ക്**

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷ നൽകുന്ന രീതി പരിഷ്കരിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) (ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി അപേക്ഷ നൽകുന്നത് ഓൺലൈൻ സംവിധാനത്തിലൂടെ മാത്രമായി പരിഷ്കരിച്ചിട്ടുണ്ട്. എന്നാൽ ഓഫ് ലൈൻ ആയി വരുന്ന അപേക്ഷകളും ഓൺലൈൻ ആക്കി മാറ്റി നടപടി സ്വീകരിച്ചു വരുന്നുണ്ട്. ധനസഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ ജില്ലാ കളക്ടർക്ക് പകരം ബന്ധപ്പെട്ട തഹസിൽദാർമാരെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചു.കൂടാതെ തുക അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഇപ്പോൾ സർക്കാരിൽ നിന്നും നൽകി വരുന്നു. ഫണ്ട് ജില്ലാ കളക്ടർക്ക് നൽകുന്നതിനു പകരമായി തഹസീൽദാർമാരുടെ പേരിലുള്ള സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേയ്ക്ക് അനുവദിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അനുവദിക്കുന്ന തുക അടിയന്തിരമായി വിതരണം ചെയ്യുന്നതിന് കർശന നിർ ദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഇനി മുതൽ ഓൺലൈൻ സംവിധാനത്തിലൂടെ മാത്രമേ ധനസഹായത്തിന് (CMDRF) അപേക്ഷിക്കാൻ സാധിക്കുകയുള്ളോ എന്നറിയിക്കാമൊ; | |
| (സി) ഈ സർക്കാർ അധികാരമേറ്റ ശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴി നൽകിയ ധനസഹായത്തിന്റെ ആകെ തുക ജില്ല തിരിച്ച് അറിയിക്കാമോ; | (സി) അനുബന്ധം ആയി ചേർത്തിരിക്കുന്നു |
| (ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലഭിച്ച CMDRF അപേക്ഷകളിന്മേൽ ഇനിയും തീർപ്പ് കൽപ്പിക്കാത്ത അപേക്ഷകളുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ലഭിച്ച അർഹതയുള്ള അപേക്ഷകളിൽ തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് പലവിധ കാരണങ്ങളാൽ ഇനിയും തീർപ്പുകൽപ്പിക്കാൻ 699 അപേക്ഷകൾ ബാക്കിയുണ്ട് |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ജില്ല | ധനസഹായം |
|---|---|
| തിരുവനന്തപുരം | 20,35,90,443 |
| കൊല്ലം | 20,28,63,400 |
| പത്തനംതിട്ട | 4,86,04,000 |
| ആലപ്പുഴ | 17,43,65,400 |
| കോട്ടയം | 14,77,29,730 |
| ഇടുക്കി | 8,25,59,000 |
| എറണാകുളം | 18,84,55,500 |
| തൃശ്ശൂർ | 9,44,08,000 |
| പാലക്കാട് | 5,61,54,500 |
| മലപ്പുറം | 7,87,59,000 |
| കോഴിക്കോട് | 11,01,02,202 |
| വയനാട് | 2,02,86,500 |
| കണ്ണൂർ | 11,38,69,500 |
| കാസർ ഗോഡ് | 63,49,91,000 |
| **ആകെ** | 215,67,38,175 |